ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 08.10.2026 | പ്രധാന വാർത്തകൾ | TIME : 12.50 PM

1.) നൂറുകണക്കിന് സർക്കാർ സേവനങ്ങൾ ലഭ്യമാക്കുന്നതിലൂടെ, സദ്ഭരണത്തിൻറെ സുപ്രധാന ഭാഗമായി മൊബൈൽ ഫോണുകൾ മാറിക്കഴിഞ്ഞതായി പ്രധാനമന്ത്രി നരേന്ദ്രമോദി. പത്താമത് ഇന്ത്യ മൊബൈൽ കോൺഗ്രസ് പ്രധാനമന്ത്രി ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്തു.

Prime Minister Narendra Modi said that the mobile phone has emerged as a crucial tool for good governance and hundreds of government services are now available on mobile phones . PM today inaugurated the 10th edition of the India Mobile Congress in New Delhi.

2.) 57-ാമത് ജി.എസ്.ടി കൗൺസിൽ യോഗം ധനമന്ത്രി നിർമ്മല സീതാരാമന്റെ അധ്യക്ഷതയിൽ ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു.

The 57th GST Council meeting is underway at Bharat Mandapam in New Delhi. Union Finance Minister Nirmala Sitharaman is chairing the meeting

3.) ക്ഷയരോഗ മുക്ത ഭാരതം സാധ്യമാക്കുന്നതിന് ജനപങ്കാളിത്തം അനിവാര്യമാണെന്ന് കേന്ദ്ര ആരോഗ്യമന്ത്രി ജെപി നഡ്ഡ.

Union Health Minister JP Nadda said that public participation is essential in achieving a Tuberculosis-Free India.

4.) 94-ാമത് ഇന്ത്യൻ വ്യോമസേനാ ദിനത്തിൽ ആശംസകൾ നേർന്ന് രാഷ്ട്രപതിയും പ്രധാനമന്ത്രിയും ഉൾപ്പെടെ പ്രമുഖർ.

The nation is celebrating the 94th anniversary of Indian Air Force today. President, Prime Minister and other dignitaries extended their greetings.

5.) വിഖ്യാത നടൻ നാനാ പടേക്കർ അന്തരിച്ചു. ആദരാഞ്ജലികൾ അർപ്പിച്ച് ചലച്ചിത്ര ലോകം. സംസ്കാരം ഇന്ന് വൈകുന്നേരം പൂനെയിൽ.

Veteran actor Nana Patekar passed away in Goa , this morning. The film industry expressed condolences. The funeral will be held this evening in Pune.

6.) ഇന്ത്യ - വെസ്റ്റ് ഇൻഡീസ് ടി 20 പരമ്പരയിലെ രണ്ടാം മത്സരം നാളെ.

The second match of the India vs West Indies T20 series will be held tomorrow.

****************

## PM - INDIA MOBILE CONGRESS (Intro)

രാജ്യത്തെ ടെലികോം മേഖലയിലുണ്ടായ വിപ്ലവകരമായ പരിഷ്കരണങ്ങൾ ജനങ്ങൾക്ക് ഏറെ പ്രയോജനം ചെയ്യുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. സദ്ഭരണത്തിൻറെ സുപ്രധാന ഭാഗമായി മാറിക്കഴിഞ്ഞ മൊബൈൽ ഫോണുകളിലൂടെ, നൂറുകണക്കിന് സർക്കാർ സേവനങ്ങൾ നിലവിൽ ലഭ്യമാണെന്നും അദ്ദേഹം പറഞ്ഞു. പത്താമത് ഇന്ത്യ മൊബൈൽ കോൺഗ്രസ് ന്യൂഡൽഹിയിലെ യശോഭൂമിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. 25 കോടിയോളം വിദ്യാർത്ഥികളെ ഡിജിറ്റൽ, ഓൺലൈൻ വിദ്യാഭ്യാസ പ്ലാറ്റ്ഫോമുകളുമായി ബന്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ - രാജ്യത്ത് പുരോഗമിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. രാജ്യത്തെ എല്ലാ ജില്ലകളിലും നിലവിൽ 5ജി സേവനം ലഭ്യമാണെന്നും ശ്രീ മോദി

വ്യക്തമാക്കി.

(ഹോൾഡ്)

ലോകത്തിലെ ഏറ്റവും കുറഞ്ഞ നിരക്കിൽ ഇന്റർനെറ്റ് ലഭ്യമാക്കുന്ന രാജ്യങ്ങളിലൊന്നാണ് ഇന്ത്യയെന്ന് ചടങ്ങിൽ സംസാരിച്ച കേന്ദ്ര വാർത്താവിനിമയ മന്ത്രി ജ്യോതിരാദിത്യ സിന്ധ്യ പറഞ്ഞു. നാല് ദിവസം നീളുന്ന പരിപാടിയിൽ നൂറിലേറെ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുക്കുന്നുണ്ട്.

*****************

## GST COUNCIL- MEETING

57-ാമത് ജി.എസ്.ടി കൗൺസിൽ യോഗം കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമന്റെ അധ്യക്ഷതയിൽ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ പുരോഗമിക്കുന്നു. കേരളത്തെ പ്രതിനിധീകരിച്ച് മുഖ്യമന്ത്രി വി.ഡി സതീശൻ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. ജിഎസ് ടി തർക്ക പരിഹാരം, നികുതി വരുമാന വർദ്ധന എന്നിവയ്ക്ക് ആവശ്യമായ പരിഷ്കാരങ്ങളെക്കുറിച്ചാണ് യോഗം ചർച്ച ചെയ്യുന്നത്. അഞ്ചിന പരിഷ്കരണ നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാർ യോഗത്തിൽ മുന്നോട്ട് വയ്ക്കുമെന്ന് ധനമന്ത്രാലയ വൃത്തങ്ങൾ അറിയിച്ചു.

*****************

## J P NADDA - TB MUKTH(INTRO)

ക്ഷയരോഗ മുക്ത ഭാരതം സാധ്യമാക്കുന്നതിന് ജനപങ്കാളിത്തം അനിവാര്യമാണെന്ന് കേന്ദ്ര ആരോഗ്യമന്ത്രി ജെപി നഡ്ഡ. ക്ഷയരോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ ഇന്ത്യ വൻ മുന്നേറ്റം കൈവരിച്ചതായും അദ്ദേഹം പറഞ്ഞു. ക്ഷയരോഗത്തിനെതിരായ ഇന്ത്യയുടെ പോരാട്ടത്തിൽ കൂടുതൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള ജോഷ് ടീമുകളുടെ ദേശീയതല ഉദ്ഘാടനം ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നിർവഹിക്കുകയായിരുന്നു കേന്ദ്രമന്ത്രി. ലോകാരോഗ്യ സംഘടനയുടെ കണക്കുകൾ പ്രകാരം ഇന്ത്യയിലെ ടിബി കേസുകളുടെ എണ്ണത്തിൽ 21 ശതമാനത്തിന്റെ കുറവ് രേഖപ്പെടുത്തിയതായും ശ്രീ നഡ്ഡ വ്യക്തമാക്കി.

(ഹോൾഡ്)

11 സംസ്ഥാനങ്ങളിലെ 55 ജില്ലകളിലാണ് ആദ്യ ഘട്ടത്തിൽ ജോഷ് ടീമുകളെ വിന്യസിക്കുന്നത്.

****************

## FUR REV. AIR FORCE DAY- WISHES

94-ാമത് ഇന്ത്യൻ വ്യോമസേനാ ദിനത്തിൽ ആശംസകൾ നേർന്ന് രാഷ്ട്രപതിയും പ്രധാനമന്ത്രിയും ഉൾപ്പെടെ പ്രമുഖർ. 1932 ഒക്ടോബർ 8-ന് സ്ഥാപിതമായതുമുതൽ രാജ്യത്തിന്റെ ആകാശസീമകൾക്ക് കാവലൊരുക്കുന്ന വ്യോമസേനയ്ക്ക് ആദരം അർപ്പിക്കുന്നതിനായാണ് ദിനാചരണം. രാജ്യത്തിന് മാതൃകാപരമായ സേവനം നൽകുന്ന വ്യോമസേനയുടെ ധീരതയും കൃത്യതയാർന്ന പ്രവർത്തന ശേഷിയും ഓപ്പറേഷൻ സിന്ദൂറിൽ ഉൾപ്പെടെ വ്യക്തമായിരുന്നതായി രാഷ്ട്രപതി ദ്രൗപദി മുർമു ആശംസാ സന്ദേശത്തിൽ കുറിച്ചു.

വ്യോമസേനയുടെ വീര്യവും അചഞ്ചലമായ കർത്തവ്യ ബോധവും രാജ്യത്തിന്റെ പരമാധികാരം കാത്തുസൂക്ഷിക്കുന്നതായി ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ പറഞ്ഞു. ഇന്ത്യൻ വ്യോമസേനയുടെ കരുത്തും ധീരതയും ജനങ്ങളിൽ സുരക്ഷിതത്വബോധം വളർത്തുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി ആശംസാ സന്ദേശത്തിൽ വ്യക്തമാക്കി. രാജ്യരക്ഷമന്ത്രി രാജ്നാഥ് സിങ്ങ്, കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ തുടങ്ങിയ പ്രമുഖരും വ്യോമസേനാ ദിനത്തിൽ ആശംസകൾ അറിയിച്ചു.

****************

## AIR FORCE DAY- AP SINGH

നൂതന ഉപകരണങ്ങൾക്കും, സാങ്കേതികവിദ്യയ്ക്കും ഉപരിയായി, വ്യോമയോദ്ധാക്കളിലാണ് ഇന്ത്യൻ വ്യോമസേനയുടെ യഥാർത്ഥ കരുത്ത് കുടികൊള്ളുന്നതെന്ന് എയർ ചീഫ് മാർഷൽ എ.പി. സിംഗ്. ഗാസിയാബാദിലെ ഹിൻഡൻ എയർ ബേസിൽ നടന്ന വ്യോമസേനാ ദിനാഘോഷപരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. അടിയന്തര സാഹചര്യം നേരിടാൻ വ്യോമസേന സദാ ജാഗരൂകമാണെന്നും, ആകാശത്തിന്റെ കാവൽക്കാരെന്ന നിലയിൽ ദേശീയ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിൽ സേനയ്ക്ക് വലിയ പങ്കുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

****************

## **NANA PATEKAR**

വിഖ്യാത നടൻ നാനാ പടേക്കർ അന്തരിച്ചു. ഹൃദയാഘാതത്തെ തുടർന്ന് ഗോവയിലെ വസതിയിൽ ഇന്ന് രാവിലെയായിരുന്നു അന്ത്യം. 75 വയസ്സായിരുന്നു. ഹിന്ദി, മറാഠി ചലച്ചിത്രങ്ങളിൽ അതുല്യ പ്രകടനം കാഴ്ച വച്ച അദ്ദേഹം പരിന്ദ, ക്രാന്തിവീർ, അഗ്നിസാക്ഷി തുടങ്ങിയ ചിത്രങ്ങളിലൂടെ ഏറെ ജനപ്രീതി നേടി. ക്രാന്തിവീറിലെ അഭിനയത്തിന് മികച്ച നടനുള്ള ദേശീയ പുരസ്കാരം നേടിയ അദ്ദേഹം മികച്ച സഹനടനുള്ള ദേശീയപുരസ്കാരവും രണ്ട് തവണ സ്വന്തമാക്കി. 2013 ൽ രാജ്യം അദ്ദേഹത്തെ പത്മശ്രീ നൽകി ആദരിച്ചു. നാനാ പടേക്കറുടെ വിയോഗത്തിൽ രാഷ്ട്രപതിയും, ഉപരാഷ്ട്രപതിയും, പ്രധാനമന്ത്രിയും ഉൾപ്പെടെ പ്രമുഖർ അഗാധ ദുഃഖം രേഖപ്പെടുത്തി. ശക്തവും, ആഴമാർന്നതുമായ അഭിനയ മുഹൂർത്തങ്ങളിലൂടെ മനുഷ്യ ജീവിതത്തിൻറെ വൈവിധ്യമാർന്ന തലങ്ങൾ അഭ്രപാളികളിലെത്തിച്ച അതുല്യ നടനായിരുന്നു അദ്ദേഹമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു അനുശോചന സന്ദേശത്തിൽ കുറിച്ചു. സംസ്കാരം പൂർണ്ണ ഔദ്യോഗിക ബഹുമതികളോടെ ഇന്ന് വൈകുന്നേരം 4 ന് മഹാരാഷ്ട്രയിലെ പൂനെയിൽ നടക്കും.

*****************

## **Modi 25- ISA (INTRO)**

പ്രധാനമന്ത്രി നരേന്ദ്രമോദി, പൊതുസേവന രംഗത്ത് 25 വർഷം പൂർത്തിയാക്കുന്നതിൻറെ ഭാഗമായി രാജ്യമെമ്പാടും വിവിധ പരിപാടികൾ പുരോഗമിക്കുന്നു. സുസ്ഥിര ഊർജ്ജ രംഗത്ത് പരിവർത്തനങ്ങൾക്ക് മാർഗ്ഗമൊരുക്കുന്ന അന്താരാഷ്ട്ര സൗരോർജ്ജ സഖ്യത്തെക്കുറിച്ചാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയിൽ ഇന്ന്

വിശദാംശങ്ങളിലേക്ക്

*2015 നവംബറിൽ നടന്ന കോപ്-21 കാലാവസ്ഥാ ഉച്ചകോടിക്കിടെയാണ് ഇന്ത്യയും ഫ്രാൻസും ചേർന്ന് അന്താരാഷ്ട്ര സൗരോർജ്ജ സഖ്യത്തിന് തുടക്കമിട്ടത്. ഊർജ്ജ ലഭ്യത, ഊർജ്ജ സുരക്ഷ, സുസ്ഥിര വികസനം എന്നിവയിൽ സൗരോർജ്ജത്തിൻറെ പ്രാധാന്യം തിരിച്ചറിഞ്ഞുകൊണ്ടായിരുന്നു ഈ ചുവടുവയ്പ്പ്. സൗരോർജ്ജം കുറഞ്ഞ ചിലവിൽ, എല്ലാവർക്കും ലഭ്യമാക്കുന്നതിനുള്ള ഗവേഷണ പ്രവർത്തനങ്ങളും, അടിസ്ഥാന സൗകര്യ വികസനവുമാണ് സഖ്യം*

*ലക്ഷ്യമിടുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി വ്യക്തമാക്കിയിരുന്നു. 129 രാജ്യങ്ങൾ നിലവിൽ ഇതിൽ അംഗങ്ങളാണ്. ആഗോള തലത്തിൽ കാർബൺ വികിരണം കുറയ്ക്കുന്ന പ്രവർത്തനങ്ങളിലും അന്താരാഷ്ട്ര സൗരോർജ്ജ സഖ്യം നിർണായക പങ്ക് വഹിക്കുന്നു.*

*ന്യൂസ് ഡസ്ക്, ആകാശവാണി.*

****************

## Students Conclave

രണ്ട് ദിവസത്തെ സ്റ്റുഡന്റ്സ് ലീഡേഴ്സ് കോൺക്ലേവിന് തിരുവനന്തപുരത്ത് തുടക്കമായി. നിയമസഭാഹാളിൽ നടക്കുന്ന പരിപാടി മുഖ്യമന്ത്രി വി.ഡി സതീശൻ ഓൺലൈനായി ഉദ്ഘാടനം ചെയ്തു. പാർലമെന്ററി ജനാധിപത്യത്തിന്റെ മൂല്യങ്ങൾ വിദ്യാർഥികളിലും യുവജനങ്ങളിലും എത്തിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് ആണ് കോൺക്ലേവ് സംഘടിപ്പിക്കുന്നത് .

****************

## ENROLLMENT DRIVE

കേരളത്തിൽ വോട്ടർപട്ടികയിൽ പേരു ചേർക്കുന്നതിനും, തെറ്റുതിരുത്തുന്നതിനുമായി സംസ്ഥാനവ്യാപകമായി പ്രത്യേക എൻറോൾമെന്റ് ഡ്രൈവ് സംഘടിപ്പിക്കുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡി.സജിത് ബാബു. ഈ മാസം 15 മുതൽ 31 വരെ വില്ലേജ് ഓഫീസുകൾ കേന്ദ്രീകരിച്ച് ഫോം വിതരണവും ഡിജിറ്റൽ ഹെൽപ് ഡെസ്ക്കുകളും പ്രവർത്തിക്കും.

****************

## GOVT DEBUNK SATELLITE DISCRIMINATION

ഇന്ത്യയിലെ ഉപഗ്രഹ വാർത്താവിനിമയ സേവനങ്ങൾക്കുള്ള നിയന്ത്രണ ചട്ടക്കൂട് വിവേചനപരമാണെന്ന രീതിയിൽ സമൂഹമാധ്യമത്തിൽ പ്രചരിക്കുന്ന അവകാശവാദങ്ങൾ തള്ളി കേന്ദ്ര സർക്കാർ. രാജ്യത്തെ സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻ നിയന്ത്രണങ്ങൾ തികച്ചും നീതിയുക്തവും വിവേചനരഹിതവുമാണെന്ന് കേന്ദ്ര വാർത്താവിനിമയ മന്ത്രാലയം അറിയിച്ചു.

****************

## T 20

ഇന്ത്യ - വെസ്റ്റ് ഇൻഡീസ് ടി 20 പരമ്പരയിലെ രണ്ടാം മത്സരം നാളെ. റാഞ്ചിയിൽ വൈകിട്ട് 7 മണിക്കാണ് കളി ആരംഭിക്കുക. 5

മത്സരങ്ങളുള്ള പരമ്പരയിൽ ഇന്ത്യ 1-0 ന് മുന്നിലാണ്. മൂന്നാം ടി-20 മത്സരം ഞായറാഴ്ച ഇൻഡോറിൽ നടക്കും.

****************

## SENSEX +GOLD

രാജ്യത്തെ ഓഹരിവിപണികളിൽ കനത്ത ഇടിവ്. സെൻസെക്സ് 851 പോയിൻറ് താഴ്ന്നും, നിഫ്റ്റി 310 പോയിൻറ് ഇടിഞ്ഞും വ്യാപാരം തുടരുന്നു. സ്വർണവിലയിൽ മാറ്റമില്ല. പവന്

ഒരുലക്ഷത്തി 09,680 രൂപയും ഗ്രാമിന് 13,710 രൂപയുമാണ് ഇന്നത്തെ വില.

****************

## YEMEN-HUMANITARIAN CRISES

യമനിൽ തുടരുന്ന ആഭ്യന്തര

സംഘർഷങ്ങൾ ജനജീവിതം പ്രതിസന്ധിയിലാക്കിയതിനെ തുടർന്ന്, ഓഗസ്റ്റ് 1 മുതൽ ഇതുവരെ ഒരുലക്ഷത്തി 84,000 പേർ പലായനം ചെയ്തതായി ഐക്യരാഷ്ട്രസഭ . ദുരിതബാധിതരായ 1.26 ലക്ഷത്തിലധികം ആളുകൾക്ക് ജീവൻരക്ഷാ സഹായങ്ങൾ എത്തിച്ചിട്ടുണ്ടെങ്കിലും ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാൻ നിലവിലുള്ള വിഭവങ്ങൾ പര്യാപ്തമല്ലെന്നും യു.എൻ മാനുഷിക കാര്യ ഏകോപന ഓഫീസ് മുന്നറിയിപ്പ് നൽകി.

****************

****************

*****